**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**നിയമസഭാചോദ്യം നം. *262**

**07/02/2018 ൽ**
**മറുപടിക്ക്**

## കശുവണ്ടി വ്യവസായത്തിന്റെ പുരോഗതിക്കായി നടപടികൾ

**ചോദ്യം**

**ശ്രീ.ഇ.പി.ജയരാജൻ**
**ശ്രീമതി.പി.അയിഷാ പോറ്റി**
**ശ്രീ.എം.നൗഷാദ്**
**ശ്രീ.എൻ.വിജയൻ പിള്ള**

**ഉത്തരം**

**ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | തോട്ടണ്ടിയുടെ മേലുള്ള ഇറക്കുമതി ചുങ്കവും റീജിയണൽ കോംപ്രെഹെൻസീവ് ഇക്കോണമിക് പാർട്ണർഷിപ് പദ്ധതി പ്രകാരം വിയറ്റ്നാമുമായുള്ള സ്വതന്ത്ര വ്യാപാര കരാറും കേരളത്തിലെ കശുവണ്ടി വ്യവസായം പ്രതിസന്ധിയിലാക്കു മെന്നതിനാൽ ഇത് പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യ പ്പെട്ടിട്ടുണ്ടോ ; | (എ) | നിലവിലുള്ള 5% ഇറക്കുമതി നികുതി കശുവണ്ടി വ്യവസായത്തിന് വളരെയധികം ദോഷകരമാണ് എന്നതിനാൽ അത് ഒഴിവാക്കണമെന്ന് ആവശ്യ പ്പെട്ടുകൊണ്ട് വകുപ്പുമന്ത്രിയും ബഹു.മുഖ്യ മന്ത്രിയും നേരിട്ട് കേന്ദ്ര മന്ത്രിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. കൂടാതെ സ്വതന്ത്ര വ്യാപാരകരാർ പ്രകാരം വിയറ്റ്നാമിൽ നിന്നും കുറഞ്ഞ വിലയ്ക്ക് സംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യാനുള്ള റീജിയണൽ കോംപ്രെഹെൻസീവ് ഇക്കോണമിക് പാർട്ണർഷിപ് പദ്ധതി (RCEP) കേരളത്തിലെ കശുവണ്ടി വ്യവസായത്തെ തകർക്കുമെന്നതിനാൽ പുനഃപരിശോധിക്ക ണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രിക്ക് കേരള കശുവണ്ടി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് കത്ത് നൽകിയിട്ടുണ്ട്. തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം 2.5 ശതമാനമായി കുറയ്ക്കുമെന്ന് കേന്ദ്ര സർക്കാർ 2018 ൽ അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ പൂർണമായി ടാക്സ് ഒഴിവാക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. |
| (ബി) | കശുവണ്ടി കയറ്റുമതിക്കായി ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയുടെ മേലുള്ള ജി.എസ്.ടി. പ്രസ്തുത വ്യവസായത്തെ പ്രതികൂലമായി ബാധിക്കുന്നത് പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ; | (ബി) | തോട്ടണ്ടിയുടെ മേലുള്ള ജി.എസ്.ടി. സാധാരണ ഗതിയിൽ തിരിച്ചു കിട്ടുന്നതായതിനാൽ വ്യാവസായത്തെ ബാധിക്കില്ല. എന്നാൽ ഇത് സംബന്ധിച്ച് ചില സാങ്കേതിക പ്രയാസങ്ങൾ നിലനിൽക്കുന്നുണ്ട്. അത് പരിഹരി ക്കുന്നതിന് കേന്ദ്ര സർക്കാരിനോട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുള്ളതാണ്. |
| (സി) | സംസ്ഥാന സർക്കാർ പുതിയതായി ആരംഭിച്ച കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് കശുവണ്ടി വ്യവസായത്തിന് എപ്രകാരം പ്രയോജനപ്പെടുമെന്ന് അറിയിക്കാമോ; | (സി) | തോട്ടണ്ടി ഉൽപാദക രാജ്യങ്ങളിൽ നിന്നും കശുവണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ സംസ്കരണ മേഖലയ്ക്ക് ആവശ്യമായ അസംസ്കൃത കശുവണ്ടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ കേരള കാഷ്യൂ ബോർഡിന് രൂപം നൽകിയിട്ടുള്ളത്. കശുവണ്ടി വ്യവസായ മേഖലയ്ക്ക് മിതമായ നിരക്കിൽ ഗുണനിലവാര മുള്ള തോട്ടണ്ടി ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് നേരിട്ട് ലഭ്യമാക്കു ന്നതിന് കേരള കാഷ്യൂബോർഡിന്റെ പ്രവർത്തനം പ്രയോജനകരമാകും. കൂടാതെ കശുവണ്ടി പരിപ്പ് വിപണനം നടത്തുന്ന കാര്യത്തിലും ബോർഡിന് വ്യവസായ മേഖലയെ സഹായിക്കാവുന്നതാണ്. |
| (ഡി) | പൂട്ടി കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറപ്പിക്കാൻ ആവശ്യമായ ശ്രമം നടക്കുന്നുണ്ടോ ; കാഷ്യൂ കോർപ്പറേഷന്റെയും കാപെക്സിന്റെയും കീഴിലുള്ള ഫാക്ടറികളുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ ? | (ഡി) | പൂട്ടിക്കിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. ഈ വിഷയം ധനകാര്യ സ്ഥാപനങ്ങളുമായി ബഹു.മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെ തുടർന്ന് തീരുമാനത്തിലെത്തിയെങ്കിലും ബാങ്കുകൾ അത് പ്രയോഗത്തിൽ വരുത്തി യിട്ടില്ല. ബഹു.മുഖ്യമന്ത്രി വീണ്ടും ഇക്കാര്യ ത്തിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ച് മീറ്റിംഗ് വിളിക്കാനിരി ക്കുകയാണ്.<br>കാഷ്യൂ കോർപറേഷന്റെ കീഴിലുള്ള ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തുറന്നു പ്രവർത്തിപ്പിക്കുകയും 2018 ജനുവരി 30 വരെ 214 തൊഴിൽ ദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാപെക്സ് 2017-18 കാലയളവിൽ 2017 ഡിസംബർ മാസം വരെ 178 തൊഴിൽദിനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. കാപെക്സിലും കോർപ്പറേഷനിലും തോട്ടണ്ടി ലഭ്യമാക്കി കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ പുതുതായി രൂപീകരിച്ച കേരളാ കാഷ്യൂബോർഡ് മുഖാന്തിരം സർക്കാർ സ്വീകരിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**